# SSLC PRE MODEL EVALUATION 2023 MPM 101A

## കേരളപാഠാവലി

PART A

Time:45 mts Total Score: 20

**1 മുതൽ 3 വരെയുള്ള ചോദ്യങ്ങളിൽ രണ്ടെണ്ണത്തിന് ഉത്തരമെഴുതുക 1 സ്കോർ വീതം**

1."വിക്രയമില്ലെന്നാകിലെന്തെടോ

വയ്ക്കചൂതിനായെന്നെ പണയം " കലി ഇങ്ങനെ പറയാൻ കാരണം എന്ത്...?

(a.പുഷ്കരൻെറ വിശ്വാസമാർജിക്കാൻ,b.താൻ സമ്പന്നനാണെന്ന് ബോധ്യപ്പെടുത്താൻ c.പുഷ്കരന് ജീവിതമാർഗ്ഗമുപദേശിക്കാൻ d.നിഷ്ക്കളങ്കത വ്യക്തമാക്കാൻ)

2.ആഘാത പ്രത്യാഘാതങ്ങൾ വിഗ്രഹിച്ചെഴുതിയാൽ

(a.ആഘാതം കൊണ്ടുള്ള പ്രത്യാഘാതം,b.ആഘാതത്തിൻെറ പ്രത്യാഘാതം

c.ആഘാതമായപ്രത്യാഘാതങ്ങൾ,d.ആഘാതവും പ്രത്യാഘാതവും)

3.'ആരൊരാളെൻ കുതിരയെ കെട്ടുവാൻ

ആരൊരാളതിൻ മാർഗം മുടക്കുവാൻ'

ഇവിടെ കുതിരയായി സങ്കൽപ്പിച്ചിരിക്കുന്നതെന്തിനെ ?

(a.യുദ്ധത്തെ b.മനുഷ്യൻെറ സർഗശക്തിയെ c.രാജാധികാരത്തെ d. പ്രകൃതിയെ)

**4 മുതൽ 6 വരെ ചോദ്യങ്ങളിൽ രണ്ടെണ്ണത്തിന് ഒന്നോ രണ്ടോ വാക്യങ്ങളിൽ ഉത്തരമെഴുതുക (2 സ്കോർ വീതം)**

4.'നീ എൻെറ ഹൃദയത്തിനകത്താണോ നിൽക്കുന്നത് '..?-(ആത്മാവിൻെറ വെളിപാടുകൾ) ദസ്തയേവ്സ്കിയുടെ ചോദ്യം നൽകുന്ന രണ്ട് അർത്ഥസാധ്യതകൾ കുറിക്കുക

5.'സ്വന്തം വകയായി ചില സരസ്വതീവിലാസങ്ങളും ചേർത്ത് ഞാൻ ആ മകന് തുടരെത്തുടരെ കത്തുകളയച്ചു,'അടിവരയിട്ട പദം നൽകുന്ന രണ്ട് അർത്ഥ സൂചനകൾ കുറിക്കുക

6.'ബാഹുജനെന്നുള്ളതേ നമുക്കൊന്നുള്ളൂ മുറ്റും' (പ്രലോഭനം) പുഷ്കരൻ ഇങ്ങനെ സങ്കടപ്പെടാനുള്ള കാരണമെന്ത്?

**(7 മുതൽ 9 വരെയുള്ള ചോദ്യങ്ങളിൽ 2 എണ്ണത്തിന് അരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക 4 സ്കോർവീതം)**

7.'മിഠായികൾ പൊതിയുന്ന കടലാസുകൾ കണ്ടാൽ എൻെറ വായിൽ വെള്ളമൂറും.എപ്പോഴെങ്കിലും ഒരു നല്ല കടലാസ് കണ്ടെത്തിയാൽ എനിക്ക് വലിയ സന്തോഷം തോന്നും.'(അക്കർമാശി)

ശരൺകുമാർ ലിംബാളെയുടെ ജീവിത സാഹചര്യം വരികളിൽ തെളിയുന്നുണ്ടോ .?നിങ്ങളുടെ നിരീക്ഷണം അവതരിപ്പിക്കുക

8.'വൈരി വൈരസേനിക്കിഹ ഞാൻ കലി

തവ ഞാൻ മിത്രം'.കലി ഇപ്രകാരം സ്വയം പരിചയപ്പെടുത്തുന്നതിലെ തന്ത്രം വിശകലനം ചെയ്യുക

9.'ഈശ്വരനല്ല മാന്ത്രികനല്ല ഞാൻ

പച്ചമണ്ണിൻ മനുഷ്യത്വമാണുഞാൻ ' (അശ്വമേധം)

ഈ വരികളിൽ തെളിയുന്ന കവിയുടെ കാഴ്ചപ്പാട് കണ്ടെത്തി എഴുതുക.

**10 മുതൽ 11 വരെ ചോദ്യങ്ങളിൽ ഒന്നിന് ഒന്നരപുറത്തിൽ കവിയാതെ ഉത്തരമെഴുതുക 6 സ്കോർ .**

10.'തൻെറ ജീവിതം വെറുമൊരു പേക്കിനാവായി തീർന്നു '.(ആത്മാവിൻെറ വെളിപാടുകൾ) ദസ്തയേവ്സ്കി ഇങ്ങനെ ചിന്തിക്കുന്നത് എന്തുകൊണ്ടാവാം. കഥാപാത്രനിരൂപണം തയ്യാറാക്കുക

11.പാണ്ഡവർ നേടിയ വിജയത്തെ വല്ലപാട്ടും നേടിയ വിജയമെന്ന് മാരാർ വിളിക്കുന്നത് എന്തുകൊണ്ടാണ് ? വിശദമാക്കുക